**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 966** **06-10-2021 - ൽ മറുപടിയ്ക്ക്**

**പാലായിലെ മിനി ഡാം റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലാ മുനിസിപ്പാലിറ്റിയിലെ അരുണാപുരം മിനി ഡാം റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ നിലവിലെ നിർമ്മാണ പുരോഗതിയും നിജസ്ഥിതിയും വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (എ) | പാലാ മുനിസിപ്പാലിറ്റിയിലെ അരുണാപുരം മിനി ഡാം റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പദ്ധതി പുനർദർഘാസ് നടത്തി പൂർത്തീകരിക്കുവാൻ 16/02/2021-ലെ സ.ഉ(സാധാ) നം.117/2021/ജവിവ നമ്പർ ഉത്തരവ് പ്രകാരം പദ്ധതി വിഭാഗം-2 ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. നിർദ്ദിഷ്ട പദ്ധതിയുടെ രൂപകൽപനക്ക് ഉപയോഗിച്ചിരിക്കുന്ന maximum flood level(MFL) +9.60 മീ. ആണ്. 2018-ൽ ഉണ്ടായ പ്രളയത്തിൽ MFL 11.55 മീറ്ററും 2019-ൽ +9.6 മീറ്ററും 2020-ൽ +12.05 മീറ്ററും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 2020-ൽ രേഖപ്പെടുത്തിയ MFL നിർദ്ദിഷ്ട പദ്ധതിയുടെ രൂപകൽപനയ്ക്കുപയോഗിച്ചിരിക്കുന്ന MFL നെക്കാളും വളരെ കൂടുതലാണ്. ഈ സാഹചര്യത്തിൽ നിർദ്ദിഷ്ട സ്ട്രക്ചറിന്റെ റീ ഡിസൈൻ ആവശ്യമാണോ എന്നത് പരിശോധിക്കുന്നതിനായി 28.02.2021-ൽ ഐ.ഡി.ആർ.ബി, ചീഫ് എഞ്ചിനീയർ സ്ഥലം സന്ദർശിക്കുകയും നിർദ്ദിഷ്ട സ്ഥലത്ത് യാതൊരു നിർമ്മിതിയുടെയും, സ്ട്രക്ചറൽ സ്റ്റെബിലിറ്റി ഉറപ്പാക്കാൻ സാധിക്കില്ലായെന്നും, ആയതിനാൽ മിനി ഡാം കം ആർ.സി.ബി. നിർദ്ദിഷ്ട സ്ഥലത്ത് പണിയുന്നതിനുള്ള സാധ്യത പുന: പരിശോധിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിരുന്നു. പര്യവേഷണ പ്രവൃത്തികൾക്കായി 16.60 ലക്ഷം രൂപ വരുന്ന എസ്റ്റിമേറ്റ് പദ്ധതി വിഭാഗം-2, ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. അപ്രകാരം വിശദമായ പര്യവേഷണം / സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി പുനർ രൂപകല്പന ചെയ്ത് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ